ആഗസ്റ്റ് 2024 ₹ 10.00

# ചിന്ത

Chintha Pusthakavartha

## പുസ്തകവാർത്ത



## പി വത്സലയുടെ അവസാന നോവൽ ചിത്രലേഖ

**ചിന്തിക്കുന്ന യന്ത്രം**

നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള ആലോചനകൾ

**ജർമ്മൻ ദിനങ്ങൾ**

അശോകൻ ചരുവിൽ

**വർഗ്ഗീയതയ്ക്കെതിരെ ജാഗ്രതയോടെയുള്ള ഇടപെടലുകൾ**


ബിപൻ ചന്ദ്ര

ഷംസുൽ ഇസ്ലാം

രേവതി ലോൾ

തീസ്ത സെതൽവാദ്

**കാലാതീതമായ** രചനകൾ വായനകൾ



50
YEARS

മികവുറ്റ
രചനകൾ

അഭിമുഖങ്ങൾ

കാർട്ടൂണുകൾ

അനവധി
വായനാ
വിഭവങ്ങൾ

# ചിന്ത പുസ്തകവാർത്ത
# ഓണപ്പതിപ്പ് 2024

പുതുമയേറിയ ഉള്ളടക്കം
മലയാളത്തിന്റെ മുൻനിര എഴുത്തുകാർക്കൊപ്പം
പുതു തലമുറയും ഒത്തുചേരുന്നു

ഒപ്പം സോഷ്യൽ മീഡിയയിലെ ട്രെൻഡ് സെറ്റർ ആയ എഴുത്തുകാരും

# ചിന്ത പുസ്തകവാർത്ത

പുസ്തകം 28 • ലക്കം 5 • ജൂലൈ 2024

ചിന്തയ്ക്കൊപ്പം
ചിന്തിക്കൂ

## ഉള്ളടക്കം

06 കേരളത്തിലെ ദേശീയപ്രശ്നം
**ഇ എം എസ്**

11 അക്ഷരപ്പച്ച
**ഡോ. ജിനേഷ്കുമാർ എരമം**

14 പഞ്ചതന്ത്രം കഥകൾ
**പുനരാഖ്യാനം കെ മനോജ് കുമാർ**

15 യയാതി
**പുനരാഖ്യാനം ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി**

17 ജർമ്മൻ ദിനങ്ങൾ
**അശോകൻ ചരുവിൽ**

19 ഒരു ബൊഹീമിയൻ ഡയറി
**പി എം മധു**

21 പെൺടയാർക്കി
**അർജ്ജുൻ അടാട്ട്**

21 ശരീരശാസ്ത്രപരം
**ജോൺ സാമുവൽ**

25 ഇ എം എസ് സ്മൃതി


എതിരൻ കതിരവൻ

“നിർമ്മിതബുദ്ധികൾ നമ്മുടെ ദൈനംദിനജീവിതത്തിൽ ഉപയോഗപ്രദമാകണമെങ്കിൽ നമ്മളോട് യോജിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനു താനേ ഓടുന്ന കാറാണെങ്കിൽ അതിനു മുൻപിലേക്ക് ഒരു പന്ത് ഉരുണ്ടു വരുന്നതു കണ്ടാൽ അതിനു പിറകെ ഒരു കുട്ടിയും വന്നേയ്ക്കാം എന്ന തോന്നൽ AI യ്ക്ക് ഉണ്ടാവേണ്ടതാണ്. എന്നുവെച്ചാൽ സഹജാവബോധം അവശ്യം നിർമ്മിതബുദ്ധിയുടെ ഭാഗമായിരിക്കണം എന്ന തന്നെ.”

“ജർമ്മനിയിലേക്ക് രണ്ടാംതവണയാണ് പോകുന്നത്. 2018 ആഗസ്റ്റിലായിരുന്നു ആദ്യയാത്ര. അന്നു കൂടെ ജീവിതത്തിലെ സഹയാത്രിക ഉണ്ടായിരുന്നു. ഇന്നില്ല. അവർ ഈ പ്രപഞ്ചത്തിൽത്തന്നെ ഇല്ല. കഴിഞ്ഞ നാലുവർഷങ്ങൾക്കിടയ്ക്ക് എന്റെ ലോകം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ഞാൻ സാരമാക്കിയില്ല. കീഴ്മേൽ മറിഞ്ഞുകിടക്കുന്ന ലോകത്തും മനുഷ്യനു ജീവിക്കാൻ കഴിയും.”


അശോകൻ ചരുവിൽ


ബി എം സുഹറ

“എന്നെ സംബന്ധിച്ചിടത്തോളം ഞാൻ എഴുതുമ്പോൾ എനിക്ക് എന്ത് കിട്ടും എന്ന ചിന്ത എനിക്കില്ല. കിട്ടുന്നതോ കിട്ടാതിരിക്കുന്നതോ എന്റെ വിഷയമേയല്ല എഴുത്തുകാരി ആവണം എന്ന് ആഗ്രഹിച്ച് വന്ന ഒരാളല്ല എനിക്ക് എഴുതാൻ തോന്നുന്ന വിഷയങ്ങൾ ഞാൻ എഴുതുന്നു എന്ന് മാത്രം. മറ്റുള്ളവരെ തൃപ്തിപ്പെടുത്തുക എന്നുള്ളത് എന്റെ ഒരു പോളിസി അല്ല വളരെ കൃത്യമായ രീതിയിൽ എനിക്ക് പറയാനുള്ള കാര്യങ്ങൾ ഞാൻ പറയാറുണ്ട്.”

“മലബാർ ലഹളയിൽ ചെന്നെത്തിയ കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനം ലഹളക്കു ശേഷം വലിയ ആശയക്കുഴപ്പത്തിൽപ്പെട്ട് കിടക്കുകയായിരുന്നു. ഈ ആശയക്കുഴപ്പമാകട്ടെ, മറ്റ് ചില സംഭവങ്ങളെത്തുടർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിലും വളർന്നു വന്നിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൽ മഹാത്മാഗാന്ധിയുടെ വലംകൈയായി നിന്നിരുന്ന പല അഖിലേന്ത്യാ നേതാക്കന്മാരും വീണ്ടും നിയമസഭകളിൽ പ്രവേശിക്കണമെന്ന അഭിപ്രായക്കാരായി മാറി.”


ഇ എം എസ്

പുസ്തകപ്രസാധനത്തിൽ
അനുകരിക്കാനാകാത്ത
**അടയാളങ്ങൾ**

പത്രാധിപ സമിതി

കെ.എസ് രഞ്ജിത്ത്
ഗോപി നാരായണൻ
രാധാകൃഷ്ണൻ ചെറുവല്ലി
കബനി ബി ഗീത
ഡോ അനിൽ

Cover: P Valsala
Cover Design: Vinod Mangoes
Design & Layout: Sivaprasad B

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം
പിൻ 695 035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

Search Tag #chinthapublishers

## ✪ എഡിറ്റോറിയൽ

# മുൻപേ പറന്ന പക്ഷി


**ചി**ന്തയുടെ ആദ്യകാല എഴുത്തുകാരിയായിരുന്ന വത്സല ടീച്ചർ. ഏറ്റവുമൊടുവിൽ എഴുതിയ ചിത്രുലേഖ എന്ന നോവലുൾപ്പെടെ ചാവേർ, വിലാപം, റോസ്മേരിയുടെ *ആകാശം, ഹോം സ്റ്റേ, തകർച്ച, ഉണ്ണിക്കോരൻ ചതോപാദ്ധ്യായ, വേറിട്ടൊരമേരിക്ക* തുടങ്ങി വത്സല ടീച്ചറുടെ എട്ട് പുസ്തകങ്ങൾ ചിന്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. വത്സല ടീച്ചറുടെ ചിന്തകളെയും എഴുത്തിനെയും നമുക്ക് എവിടെയാണ് അടയാളപ്പെടുത്താനാവുക?

ഇക്കോ ഫെമിനിസം അഥവാ പാരിസ്ഥിതിക സ്ത്രീവാദ ചിന്തകൾ ലോകത്താദ്യം ഉദയം ചെയ്യുന്നത് 1970 കളുടെ മധ്യത്തോടെയാണ്. പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും കോർത്തിണക്കുന്ന ഒന്നാണ് ഇക്കോ ഫെമിനിസം. ഫ്രഞ്ച് എഴുത്തുകാരിയായ ഫ്രാൻസിസ് യൂബോനിന്റെ ഫെമിനിസം അല്ലെങ്കിൽ മരണം എന്നർത്ഥം വരുന്ന Le feminisme ou la mort 1974 ലാണ് പുറത്തു വരുന്നത്. ഇക്കോ ഫെമിനിസത്തെ പരാമർശിക്കുന്ന ആദ്യ കൃതിയായിട്ടാണ് ഇത് കരുതപ്പെടുന്നത്. വത്സല ടീച്ചറുടെ നെല്ല് പുറത്തുവരുന്നതാകട്ടെ 1972 ലും. എൺപതുകളോടെയാണ് പരിസ്ഥിതിവാദവും ഫെമിനിസവും ഒരു ബൗദ്ധിക പ്രസ്ഥാനമായി ചെറുഗ്രൂപ്പുകൾ വഴി കേരളത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇതിനും എത്രയോ മുൻപുതന്നെ സ്ത്രീ പ്രശ്നങ്ങളും പാരിസ്ഥിതിക ചിന്തകളും ടീച്ചറുടെ കൃതികളിൽ കൂടി നമ്മൾ അറിഞ്ഞു തുടങ്ങിയിരുന്നു. അതുപോലെ, പ്രാന്തവല്ക്കരിക്കപ്പെട്ട ഗോത്രമനുഷ്യരുടെ ജീവിതങ്ങൾ ആദ്യമായി മലയാള സാഹിത്യ കൃതികളിലൂടെ ആവിഷ്കൃതമാകുന്നതും ടീച്ചറിലൂടെയാണ്.

മുതലാളിത്തത്തിന്റെയും പുരുഷാധിപത്യത്തിന്റെയും ചൂഷണത്തിന് വിധേയമാകുന്ന മണ്ണിനെയും പെണ്ണിനേയും കുറിച്ച് തെളിമയോടെ ടീച്ചർ എഴുതുന്ന കാലത്ത് മലയാള മുഖ്യധാരാ സാഹിത്യം വ്യാപരിച്ചിരുന്നത് മധ്യവർഗത്തിന്റെ സ്വത്വപ്രതിസന്ധികളിലും പുരുഷകാമനകളിലുമാണ് എന്നുകൂടി നാമോർക്കേണ്ടതുണ്ട്. അക്കാലത്തെ നമ്മുടെ മുഖ്യധാരാ എഴുത്തുകാർക്ക് സ്ത്രീയെന്നാൽ കേവലം ലൈംഗികതയുമായി മാത്രം ബന്ധപ്പെടുത്തേണ്ട ഒരു വസ്തുവായിരുന്നു. അതുപോലെ തന്നെയാണ് പ്രകൃതിയെയും മണ്ണിനെയും സാഹിത്യത്തിന്റെ ലോകത്തിലേക്ക് മുൻപൊരിക്കലുമില്ലാത്ത കരുത്തോടെയും സൗന്ദര്യത്തോടെയും ടീച്ചർ കടത്തിക്കൊണ്ടുവന്നത്.

ചിന്തയുടെ ലോകത്ത് സാമൂഹിക ശാസ്ത്രജ്ഞർക്ക് മുൻപേ പറക്കുന്ന പക്ഷികളാകാൻ സർഗാത്മക സാഹിത്യകാരന്മാർക്ക് സാധിക്കുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വത്സല ടീച്ചരുടെ കൃതികൾ. ആ മഹനീയ സാഹിത്യകാരിക്ക് ചിന്ത പബ്ലിഷേഴ്സിന്റെ പ്രണാമം.

New





# ചിന്തിക്കുന്ന യന്ത്രം

## നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള ആലോചനകൾ

എഡിറ്റർ

**കെ എസ് രഞ്ജിത്**

തത്വചിന്തയുടെയും സാമൂഹിക ശാസ്ത്രങ്ങളുടെയും കമ്പ്യൂട്ടർ സയൻസിന്റെയും വ്യത്യസ്തമായ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് നിർമ്മിത ബുദ്ധിയെന്ന പ്രതിഭാസത്തെ സമഗ്രമായി വിലയിരുത്തുന്ന ഈ പുസ്തകം.



**ടി വി മധു**
**എതിരൻ കതിരവൻ**
**അച്യുത്ശങ്കർ എസ് നായർ**
**ഡോ. ജിജോ പി യു**
**ഡോ. സി പ്രേംശങ്കർ**
**ഡോ. സുനിൽ തോമസ് തോണിക്കുഴിയിൽ**
**ജയാ ജി നായർ**
**ദീപക് പി**
**കെ എൻ ഗണേശ്**
**കെ സുജിത്ത്കുമാർ**

എന്നിവരുടെ പഠനങ്ങൾ

₹260

# കേരളത്തിലെ ദേശീയപ്രശ്നം

രാഷ്ട്രീയം

ഇ എം എസ്

പെരുമാക്കന്മാരുടെ അധഃപതനം ചരിത്രത്തിലെ നിർഭാഗ്യകരമായ ഒരു യാദൃച്ഛികസംഭവമാണെന്നാണ് ബൂർഷ്വാ ഐക്യകേരളവാദികൾ പൊതുവെ പറയുന്നത്. സാമ്രാജ്യത്തിന്റെ അധഃപതനത്തെ സംബന്ധിച്ച്, പുരാണത്തിൽ പറയുന്നതുപോലെ, അതിനെ തന്റെ മക്കൾക്കും മരുമക്കൾക്കും മറ്റു ബന്ധുക്കൾക്കുമായി ഭാഗിച്ചുകൊടുത്ത അവസാനത്തെ പെരുമാളുടെ സ്വേച്ഛാനടപടികൊണ്ടു ആരംഭം മുതൽക്കേ ഏകീകൃതമായിരുന്ന ഒരു രാഷ്ട്രം ആ ദിവസം ഛിന്നഭിന്നമായെന്നു അവർക്കു തോന്നുന്നു.

ഇതു നാം കണ്ടുകഴിഞ്ഞപോലെ ചരിത്രവിരുദ്ധമാണ്; പെരുമാക്കന്മാരുടെ സാമ്രാജ്യം അടിതെറ്റി വീണത് അവസാനത്തെ ചക്രവർത്തിയുടെ ദുരാഗ്രഹംകൊണ്ടല്ലാ, പിന്നെയോ അത്തരമൊരു സാമ്രാജ്യത്തിന്റെ നിലനില്പിനുള്ള ഭൗതികാടിസ്ഥാനം അക്കാലത്തെ കേരളത്തിലുണ്ടായിരുന്നില്ലെന്നതുകൊണ്ടാണ്. വാസ്തവത്തിൽ, യാദൃച്ഛികസ്വഭാവമാരോപിക്കപ്പെടണമെങ്കിൽ അത് ആ സാമ്രാജ്യത്വത്തിന്റെ രൂപീകരണത്തിലാണ് വേണ്ടത്. അല്ലാതെ അതിന്റെ തകർച്ചയിലല്ല, കാരണം, നാം കണ്ടുകഴിഞ്ഞപോലെ രൂപീകരിക്കപ്പെട്ടത് കേന്ദ്രീകൃതമായ എല്ലാത്തരം സാമ്രാജ്യങ്ങൾക്കും ഒട്ടുംതന്നെ പറ്റാത്തതായ ഒരു മണ്ണിലാണ്. അതിന്റെ നിലനില്പ യാദൃച്ഛികമായിരുന്നതുകൊണ്ടുതന്നെയാണ് (ഏതെങ്കിലും ചരിത്രസംഭവത്തെ യാദൃച്ഛികമെന്നു പറയാവുന്നിടത്തോളം) ആ സാമ്രാജ്യം ഒരു മണൽക്കോട്ടപോലെ തകർന്നുവീണത്.

എന്നാൽ ഇതുകൊണ്ടുമായില്ല. പെരുമാക്കന്മാരുടെ അധഃപതനം കൊണ്ടു ഏകീകൃതമായ ഒരു രാഷ്ട്രം ഛിന്നഭിന്നമായെന്നു പറയുന്നത് ചരിത്രത്തിന്റെ ഒരു ദുർവ്യാഖ്യാനം മാത്രമല്ല നേരെമറിച്ച് ആ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷമുള്ള നൂറ്റാണ്ടുകളിലാണ് ചരിത്രത്തിലാദ്യമായി കേരളരാഷ്ട്രം രൂപംകൊള്ളാൻ തുടങ്ങിയതെന്നാണു വാസ്തവം. കേരളത്തിലെ ചെറുകിട രാജ്യങ്ങളിലെ (2 ഡസനോളം വരും) ഭരണാധിപന്മാർ പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോഴാണ കേരളത്തിൽ താമസിച്ചിരുന്ന വിവിധ ഗോത്രങ്ങളും ജാതികളും, അതായത് ഇന്നത്തെ കേരളം, തമിഴരും തെലുങ്കരുമായ തങ്ങളുടെ അയൽക്കാരിൽനിന്നും സ്വയം വേർതിരിയുകയും മലയാളികളെന്ന നിലയിൽ ഏകീകരിക്കുകയും ചെയ്തത്. മാത്രമല്ല, ഇന്നത്തെ ഐക്യകേരളവാദികൾ അത്ര ഉച്ചത്തിലും വിടാതെയും വിലപിക്കുന്നതെന്തിന്റെ പേരിലോ, ഭരണാധികാരികളുടെ ആ ആഭ്യന്തരകലഹങ്ങൾക്കുതന്നെയാണ് - അഥവാ, ഈ കലഹങ്ങൾക്കു കാരണമായ ഭൗതികപരിതഃസ്ഥിതികൾ-കേരളരാഷ്ട്രത്തിന്റെ ജനനത്തിനു സഹായിച്ച ഏറ്റവും വലിയതും ഏറ്റവും പ്രധാനവുമായ ഘടകം.

ഓരോന്നും സ്വന്തം പ്രത്യേക ജീവിതം നയിക്കുന്നതും ഓരോന്നിനും സ്വന്തം പ്രത്യേകഗോത്രസ്വഭാവമുള്ളതും എന്നാൽ പ്രാകൃത സമൂഹങ്ങളുടേതായി ചരിത്രശാസ്ത്രത്തിലറിയപ്പെടുന്ന ആ ഉല്പാദനബന്ധങ്ങളുടെ പൊതുസ്വഭാവമുള്ളതുമായ പല ഗോത്രങ്ങളുടെയും ഒരു കൂട്ടിയുരുട്ടൽ; ഓരോന്നും സ്വന്തമായ ജാതിജീവിതം നയിക്കുന്നതും ഓരോന്നിനും സ്വന്തമായ ജാതിസ്വഭാവമുള്ളതും എന്നാൽ എല്ലാംതന്നെ ഹിന്ദുസമുദായത്തിന്റെ പൊതുനിയമങ്ങളാൽ ഏകീകരിക്കപ്പെട്ടതുമായ ജാതികളുടെ ഒരു കൂട്ടിയുരുമ്മൽ; ഒരു



# 1955 ൽ പ്രസിദ്ധീകൃതമായ ക്ലാസ്സിക് ചരിത്ര പുസ്തകത്തിന്റെ പുതിയ പതിപ്പ്

കേരളത്തിലെ അധ്വാനിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ അവരുടെ സ്വതന്ത്രമായ ജനാധിപത്യപ്രസ്ഥാനം പടുത്തുയർത്തിയതിന്റെ ആവേശകരമായ ചരിത്രമാണ് ഇ എം എസ് ആവിഷ്കരിക്കുന്നത്. കേരളമെന്ന ദേശവും അതിന്റെ സംസ്കൃതിയും എങ്ങനെ രൂപപ്പെട്ടുവെന്നും ഈ കൃതി രേഖപ്പെടുത്തുന്നു.




പ്രത്യേകപ്രദേശത്തു താമസിക്കുന്ന എല്ലാ ഗോത്രങ്ങളെയും ജാതികളെയും ഒരു ഭരണാധികാരിയുടെയും അയാളുടെ കീഴിലുള്ള ഭരണയന്ത്രത്തിന്റെയും രാഷ്ട്രീയ-ഭരണ പരമാധികാരത്തിൻകീഴിൽ സംഘടിപ്പിക്കൽ - കേരളം ഇന്ത്യയുടെ മറ്റു ഭാഗങ്ങളെപ്പോലെതന്നെ ചരിത്രാതീതകാലത്തും ചരിത്രത്തിന്റെ ആദിമഘട്ടമെന്നു പറയപ്പെടുന്ന അക്കാലത്തും അതായത് പെരുമാക്കന്മാരുടെ അധഃപതനം വരെയുള്ള കാലഘട്ടം, കടന്നുപോന്നിട്ടുള്ള മൂന്നു ദശകൾ ഇവയാണ്.

മേല്പറഞ്ഞ മൂന്നു ദശകളിൽ അവസാനത്തേതിൽ നിർമ്മിക്കപ്പെട്ട ഭരണയന്ത്രത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചു മാത്രമാണ് കേരളം ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽനിന്നും ഭിന്നമായിരുന്നത്. കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഒരുകേന്ദ്രസംഘടനയുടെ ആവശ്യം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഒരു കേന്ദ്രീകൃത സാമ്രാജ്യരാഷ്ട്രമുളവാക്കിയപ്പോൾ ഈ ആവശ്യത്തിന്റെ അഭാവം കേരളത്തിൽ താരതമ്യേന വളരെ വിസ്തൃതി കുറഞ്ഞ ഒരു പ്രദേശം അധീനത്തിലുള്ള ഒരു രാഷ്ട്രത്തിനു നിദാനമായി.

പെരിന്തൽമണ്ണയിൽ വെച്ച് നടന്ന ഇഎംഎസിന്റെ ലോകം സെമിനാറിൽ ഇഎംഎസിന്റെ കേരളത്തിലെ ദേശീയ പ്രശ്നങ്ങൾ എന്ന പുസ്തകം എം വി ഗോവിന്ദൻ മാസ്റ്റർ പാലോളി മുഹമ്മദ് കുട്ടിക്ക് നൽകി പ്രകാശനം ചെയ്യുന്നു



# പി വത്സലയുടെ രചനാലോകം




> ചിന്തയുടെ ലോകത്ത് സാമൂഹിക ശാസ്ത്രജ്ഞർക്ക് മുൻപേ പറക്കുന്ന പക്ഷികളാകാൻ സർഗാത്മക സാഹിത്യകാരന്മാർക്ക് സാധിക്കുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വത്സല ടീച്ചറുടെ കൃതികൾ.




ചിത്രലേഖ




വേറിട്ടൊരു അമേരിക്ക




ചാവേർ





വിലാപം




ഉണിക്കോരൻ ചതോപാദ്ധ്യായ





റോസ്മേരിയുടെ ആകാശങ്ങൾ




ഹോം സ്റ്റേ




തകർച്ച




## ജേക്കബിന്റെ മുറി

**വിർജീനിയ വുൾഫ്**



ജേക്കബ് ഫ്ളന്റേഴ്സ് എന്ന കഥാനായകനെ മുൻനിർത്തിയാണ് നോവൽ വികസിക്കുന്നത്. ഒന്നാം ലോകമഹായുദ്ധത്തിന്റെ തൊട്ടുമുമ്പാണ് ഈ നോവലിലെ കഥാകാലം. യുദ്ധപൂർവ്വനാളുകളുടെ പ്രസന്നദിനങ്ങളെ ഓർമ്മപ്പെടുത്തുന്ന രചന.

**വില ₹380**


Best Sellers

## കനിവോടെ കൊല്ലുക സാമ്രാജ്യത്തെക്കുറിച്ച് എങ്ങനെയൊക്കെ ചിന്തിക്കാം

**അരുന്ധതി റോയി**



നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയപ്രതിഫലേച്ഛയുമായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയ ഹത്യകളും, വംശീയശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു.




₹240

## മനുഷ്യനും ബഹിരാകാശവും




**ഡോ. ഡി ഐ അരുൺ, ഡോ. പി ശശികുമാർ**





ബഹിരാകാശ സംബന്ധിയായ വിഷയങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് മനുഷ്യനും ബഹിരാകാശവും. ബഹിരാകാശ മേഖലയിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ഡോ. ഡി ഐ അരുൺ, ഡോ. പി ശശികുമാർ എന്നീ യുവ സുഹൃത്തുക്കളാണ് ഗ്രന്ഥകർത്താക്കൾ. ഈ ഗ്രന്ഥം മലയാള ശാസ്ത്രസാഹിത്യ മേഖലയ്ക്ക് മുതൽക്കൂട്ടായിരിക്കും.

**വില ₹350**

# വർഗ്ഗീയതക്കെതിരെ ജാഗ്രതയോടെയുള്ള ഇടപെടലുകൾ

> വർഗ്ഗീയതയെ ഒരു പ്രത്യയശാസ്ത്രം അല്ലെങ്കിൽ വിശ്വാസ സംഹിതയായി കാണുന്നതുകൊണ്ട് ഒരു നേട്ടമുണ്ട്. അപ്പോൾ ഒരു വർഗ്ഗീയതയെ മറ്റൊന്നിൽനിന്നും നമ്മൾ വേർതിരിക്കില്ല; ഒരേ പ്രത്യയശാസ്ത്രത്തിന്റെ വൈവിധ്യങ്ങളായിട്ടാണ് എല്ലാ വർഗ്ഗീയതകളെയും കാണുന്നത്. ഒരൊറ്റ പ്രത്യയശാസ്ത്രത്തിന്റെ ഹിന്ദു, മുസ്ലീം, സിഖ് അല്ലെങ്കിൽ ക്രിസ്ത്യൻ രൂപാന്തരം അല്ലെങ്കിൽ ആവിഷ്കാരമാണ് യഥാർത്ഥത്തിൽ വർഗ്ഗീയത. വർഗ്ഗീയതയുടെ ഈ രൂപാന്തരങ്ങളെല്ലാം ഒരേ സമയത്ത് എതിർക്കപ്പെടേണ്ടവയാണ്.
>
> **ബിപൻ ചന്ദ്ര**




## ആരായിരുന്നു സവർക്കർ


ഷംസുൽ ഇസ്ലാം

₹210

## വർഗീയത

ബിപൻ ചന്ദ്ര

₹180







## ഹിന്ദുത്വം

മതാത്മക ദേശീയതയുടെ പ്രത്യയശാസ്ത്രം

കെ ടി കുഞ്ഞിക്കണ്ണൻ

₹200

## ഹിന്ദുത്വവാദം ഇസ്ലാമിസം ഇടതുപക്ഷം

എം എം നാരായണൻ

₹210







## വെറുപ്പിന്റെ ശരീരശാസ്ത്രം


രേവതി ലോൾ

₹310

## മഹാത്മാ ഗാന്ധിയുടെ മണ്ണിൽ മതവർഗ്ഗീയത

ജി രാമകൃഷ്ണൻ

₹190







## ഭരണഘടനയുടെ കാവലാൾ

ടീസ്റ്റ സെതൽവാദ്


₹290

## മതരാഷ്ട്രവാദത്തിന്റെ ശിലകൾ

സതീശ് സൂര്യൻ

₹240






പഠനം

ബാലചന്ദ്രൻ ചുള്ളിക്കാട്, വൈക്കം മുഹമ്മദ് ബഷീർ, ലളിതാംബിക അന്തർജനം, എസ് കെ പൊറ്റക്കാട്, എഴുത്തച്ഛൻ ഉൾപ്പെടെയുള്ളവരുടെ സാഹിത്യ സംഭാവനകളെ ആഴത്തിൽ പരിചയപ്പെടുത്തുന്ന ഗ്രന്ഥം.

വില ₹190



# അക്ഷരപ്പച്ച


## ഡോ. ജിനേഷ്കുമാർ എരമം

കവികൾ നമുക്ക് ധാരാളമുണ്ടെങ്കിലും അനുവാചകരുടെ ജീവിതത്തിലേക്ക് കവിതയെ ആവേശിപ്പിക്കാൻ കഴിഞ്ഞവർ വിരളമാണ്. അങ്ങനെ കവിത ബാധിച്ച യുവജനതയെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞ കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. ആരും കാണാതെ പെട്ടിയിൽ വിശ്രമിക്കുന്ന സിനിമ സിനിമയല്ല എന്നതുപോലെ ആളുകൾ വായിക്കുകയോ ചൊല്ലുകയോ ചെയ്യാത്ത കവിത കവിതയുമല്ല. സ്വാനുഭവത്തിന്റെ മൂശയിലിട്ട് പൊള്ളിച്ച തീക്ഷ്ണബിംബങ്ങൾ, അപൂർവ പദസംയുക്തങ്ങൾ, ആത്മഭാഷണത്തിന്റെ ഗാഢസ്വരം, പരുഷമായൊരു നവസംഗീതം എന്നിവയാണ് ആ കവിതയെ വ്യത്യസ്തമാക്കിയത് എന്ന് സച്ചിദാനന്ദൻ നിരീക്ഷിച്ചിട്ടുണ്ട്. കയ്പ്പും കണ്ണീരും കലർന്ന ആ നിലവിളിയും രോഷവും ആരുടെയും അസ്ഥിയിൽ തൊടുന്നതായിരുന്നു. കവിയരങ്ങുകളിലൂടെയും കാസറ്റിലൂടെയും കവിയുടെ തന്നെ ശബ്ദത്തിൽ തുലാമഴ പോലെ പെയ്തിറങ്ങിയ അവയെ ഒരു തലമുറ ഏറ്റെടുക്കുകയായിരുന്നു. സച്ചിദാനന്ദൻ പറഞ്ഞതുപോലെ കൃത്യമായ ഫോക്കസ് ഇല്ലാത്ത രചനകളിൽപ്പോലും അപൂർവമായ ഒരു ബിംബമോ പദസമന്വയമോ ആ കവിതയെയാകെ തിളക്കമുള്ളതാക്കുന്നു. ചന്ദ്രരശ്മികളുടെ സാന്ദ്രകന്യക, നഗ്നനിദ്ര, മഴയുടെ മന്ത്രധാര, ശീതവീര്യം, ഹരിതാഗ്നിജ്വാല, വൃദ്ധമൗനം, ശിലാമയനിദ്ര, നാദനരകം, മാംസമന്ദിരം, ദയാവൃക്ഷം, ചോരപ്പാളം, കാലലോഹിനി, തമോവൃക്ഷം, ഗാനലായിനി, വാതായനം, ഭ്രതതംബുരു, വൈദ്യുതവൃക്ഷം, നാദമൂലത്തിൻ ഭ്രതപാതാളഗമനം, കാവൽത്താളം, നാദചന്ദ്രോദയം, മൃതിനാദം, നഗരകാന്താരം, ജീവിതമൂർച്ഛ, ആലക്തികസന്ധ്യ, സംഗീതസർപ്പം, ഗന്ധകശയ്യ, ഖരപ്രവാഹം, ഗന്ധകാമ്ലം, സംഗീതപീഢ, അന്ധകാരത്തിന്റെ തീവണ്ടി, മരണമകുടി, അന്ധവേഗം, കത്തുന്ന ചുംബനം, പാപശ്രുതി എന്നിങ്ങനെയുള്ള പദസംയുക്തങ്ങളും ബിംബങ്ങളും അന്നൊരു പുതുമ തന്നെയായിരുന്നു.

നോവൽ

# ചൂട്ട്

## പി സി മോഹനൻ





ഗോത്രജീവിതത്തിന്റെ സവിശേഷതകളിലേക്ക് വെളിച്ചം പകരുന്ന നോവൽ. ഗോത്രഭാഷയ്ക്ക് സാഹിത്യവ്യവഹാരങ്ങളിൽ ഇടംകൊടുക്കാതിരുന്ന മുഖ്യധാരാ എഴുത്തിനോട് കലഹിക്കുന്ന രചന. നാട്ടുവാഴിത്തത്തിന്റെ ലഹരി ഇറങ്ങാത്ത ജന്മിമാരും വിദ്യാഭ്യാസം നേടി കരുത്തരാകുന്ന ഗോത്രജനതയും തമ്മിലുള്ള അപരിഹാര്യമായ താല്പര്യ സംഘർഷം ഈ നോവലിൽ തെളിഞ്ഞു നില്ക്കുന്നു. പരിസ്ഥിതിയും രാഷ്ട്രീയവും പുല്ലാഞ്ഞിമലയിലെ കരിമ്പാലൻ സമൂഹത്തിന്റെ ജീവിതത്തിൽ ഇടകലരുന്നു. കേരളം വളർന്നുവന്ന ചരിത്ര വഴിയിലേക്കുള്ള 'ചൂട്ട്' തെളിക്കാൻ കൂടിയാണീ നോവൽ.

വില ₹310

ജൂൺ
മഴവിൽ മാസം

# മഴവിൽ ലൈംഗികതയുടെ (LGBTQI A ++) പുസ്തകങ്ങൾ

**ഡോ. രശ്മി ജി, ഡോ. അനിൽകുമാർ കെ എസ്, വിജയരാജമല്ലിക**




## അവളിലേക്കുള്ള ദൂരം

വോഡാഫോൺ
കോമഡി സ്റ്റാർസിലൂടെ
മലയാളികൾക്ക്
പരിചിതയായ
ട്രാൻസ് പേഴ്സൺ
സൂര്യയുടെ ജീവിതകഥ

വില
₹550

## ദൈവത്തിന്റെ മകൾ

മലയാളത്തിലെ ആദ്യ
ട്രാൻസ്ജെന്റർ കവി
വിജയരാജമല്ലികയുടെ
കവിതാസമാഹാരം






വില
₹100




വില
₹340

## വിമത ലൈംഗികത

**ചരിത്രം സിദ്ധാന്തം രാഷ്ട്രീയം**

ഗേ /ലെസ്ബിയനുകളുടെ
സൈദ്ധാന്തിക പരിസരങ്ങളെ
അടയാളപ്പെടുത്തുന്ന കൃതി





## ട്രാൻസ്ജന്റർ

**ചരിത്രം സംസ്കാരം പ്രതിനിധാനം**

ട്രാൻസ്ജന്റർ
വിഭാഗങ്ങളെക്കുറിച്ചുള്ള
ആഴമേറിയ പഠനങ്ങൾ

വില
₹300




## കനി

ആൺ സ്വവർഗ്ഗ
പ്രണയ
കഥകളുടെ
സമാഹരണവും
പഠനവും

വില
₹ 260




## ലെസ്ബോസ്

സ്ത്രീ സ്വവർഗ്ഗ
പ്രണയ
കഥകളുടെ
സമാഹരണവും
പഠനവും

വില
₹270


ഉടൻ പുറത്തിറങ്ങുന്ന

# ലെനിൻ തിരഞ്ഞെടുത്ത കൃതികൾ



ഭരണകൂടവും വിപ്ലവവും
•
സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം
•
ഇടതുപക്ഷ ബാലാരിഷ്ടത
•
മാർക്സിസത്തിന്റെ ഹാസ്യാനുകരണവും സാമ്രാജ്യത്വ സാമ്പത്തിക വാദവും
•
സ്ത്രീകളുടെ വിമോചനത്തെ പറ്റി
•
രണ്ടാം ഇന്റർനാഷണലിന്റെ തകർച്ച
•
സോഷ്യലിസവും യുദ്ധവും
•
നാട്ടിപുറത്തെ പട്ടിണിപ്പാവങ്ങളോട്
•
കാറൽ മാർക്സും അദ്ദേഹത്തിന്റെ സിദ്ധാന്തവും
•
രാഷ്ട്രങ്ങളുടെ സ്വയം നിർണയാവകാശം
•
തൊഴിലാളിവർഗ വിപ്ലവവും വഞ്ചകനായ കൗട്സ്കിയും
•
സഹകരണപ്രസ്ഥാനത്തെ പാർട്ടി
•
സോഷ്യലിസവും മതവും
•
സാമ്രാജ്യത്വവും സോഷ്യലിസത്തിലെ ഭിന്നിപ്പും
•
എന്ത് ചെയ്യണം
•
പെറ്റി ബൂർഷ്വാ സോഷ്യലിസവും

എന്നിവയുൾപ്പെടെയുള്ള കൃതികൾ




വില ₹230

## ലെനിൻ ലെനിനിസം

### കെ എ വേണുഗോപാലൻ

ലെനിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സോവിയറ്റ് യൂണിയൻ ഏഴു പതിറ്റാണ്ടിലേറെക്കാലം ആഗോള മുതലാളിത്തത്തിന് ഏറ്റവും വലിയ ഭീഷണിയാവുകയും ചൂഷണരഹിതമായ പുതിയൊരു ലോകം സാധ്യമാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. എല്ലാ വിമോചന പോരാട്ടങ്ങളുടെയും ശക്തി സ്തംഭമായി അത് നില കൊണ്ടു. പുതിയ തലമുറയ്ക്ക് ആ ചരിത്ര പാഠങ്ങൾ പകർന്നു കൊടുക്കേണ്ടതുണ്ട്. അതിനുതകുന്ന ഒന്നാണ് ലെനിനും ലെനിനിസവും. മഹാനായ ലെനിന്റെ ജീവിതത്തെയും അദ്ദേഹത്തിന്റെ സൈദ്ധാന്തിക സംഭാവനകളെയും ഹ്രസ്വമായി പരിചയപ്പെടുത്തുന്ന കൃതി



# പഞ്ചതന്ത്രം കഥകൾ

പുനരാഖ്യാനം

**കെ മനോജ് കുമാർ**

ബാല സാഹിത്യം



കൂട്ടുകാരേ, പഞ്ചതന്ത്രത്തിലെ കൂട്ടുകാരെ തരംതിരിക്കൽ എന്ന ഒന്നാം ഭാഗത്തിൽ രാജകുമാരന്മാർക്ക് വിഷ്ണുശർമ്മൻ പറഞ്ഞുകൊടുത്ത കഥകളും അവയുടെ ഗുണപാഠവും നമുക്ക് പരിചയപ്പെടാം.

നമ്മൾ കേൾക്കുന്നത് കാക്കമ്മയും സർപ്പവും എന്ന കഥയാണ് ആദ്യം. ഒരിടത്തൊരിടത്ത് ഒരു കാക്കമ്മയും കുടുംബവും പാർത്തിരുന്നു. ഒരു പേരാലിലായിരുന്നു അവരുടെ വാസം. മുട്ടയിടാനുള്ള സമയം ആയപ്പോൾ ഒരു പുതിയ കൂടുണ്ടാക്കാൻ കാക്കയമ്മ തീരുമാനിച്ചു. അങ്ങനെ അവരെല്ലാം ചേർന്ന് ചകിരിയും ഇലകളും ചുള്ളിക്കമ്പുകളും ഉപയോഗിച്ച് മനോഹരമായ ഒരു കൂടുണ്ടാക്കി.

അങ്ങനെ മുട്ടയിടാൻ തയ്യാറായ കാക്കയമ്മ പുതിയ കൂട്ടിൽ ഒറ്റയ്ക്ക് താമസമാക്കി. ആദ്യ ദിവസം കാക്കയമ്മ ഒരു മുട്ടയിട്ടു. പിന്നെ തീറ്റ തേടി പുറത്തേക്ക് പോയി. വൈകിട്ട് തിരികെ എത്തിയപ്പോൾ കാക്കയമ്മ ഞെട്ടിപ്പോയി. അതിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. എന്താണ് കാരണമെന്നല്ലേ? കൂട്ടിൽ മുട്ട കാണുന്നില്ല. കാക്കയമ്മ കൂടിന് ചുറ്റും തിരഞ്ഞു. ഇല്ല, കാണുന്നില്ല. ഇനി കാറ്റടിച്ച് മുട്ടയെങ്ങാനും താഴെ വീണുകാണുമോ? കാക്കയമ്മ വേവലാതിപ്പെട്ടു.

കാക്കയമ്മ മരത്തിന്റെ ചുവട്ടിലെല്ലാം തപ്പി നോക്കി. ഇല്ല, എവിടെയും കാണുന്നില്ല. ഇതെന്ത് മറിമായമാണ്? കാക്കയമ്മ അത്ഭുതപ്പെട്ടു. എന്തായാലും ഇതിന്റെ പിന്നിലെ രഹസ്യം കണ്ടുപിടിക്കാൻ കാക്കയമ്മ തീരുമാനിച്ചു. പിറ്റേ ദിവസം കാക്കയമ്മ ഒരു ബുദ്ധി പ്രയോഗിച്ചു. മുട്ടയിട്ട ശേഷം ഇര തേടാൻ എന്ന പോലെ കൂടിന് പുറത്തേക്ക് പോയി. എന്നാൽ കൂട്ടിൽ എന്താണ് നടക്കുന്നത് എന്ന് കാണാൻ പാകത്തിൽ മറ്റൊരു മരത്തിൽ മറഞ്ഞിരുന്നു. കാക്കയമ്മ ആകാംക്ഷയോടെ കാത്തിരിക്കെ കുറച്ചു നേരം കടന്നുപോയി. കുറച്ചു നേരം കഴിഞ്ഞ് പേരാലിന്റെ ചുവട്ടിലേക്ക് നോക്കിയപ്പോൾ കാക്കയമ്മ നടുങ്ങിപ്പോയി. പേരാലിന്റെ ചുവട്ടിലുള്ള ഒരു പൊത്തിൽനിന്നും ഉഗ്രവിഷമുള്ള ഒരു കൃഷ്ണസർപ്പം ഇഴഞ്ഞിറങ്ങുന്നു. പാമ്പ് സാവകാശം കാക്കയമ്മയുടെ കൂട് ലക്ഷ്യമാക്കി മരത്തിന് മുകളിലേക്ക് ഇഴഞ്ഞു. നേരെ കൂട്ടിലെത്തി മുട്ട വിഴുങ്ങി. കാക്കയമ്മയുടെ മനസ്സ് തകർന്നുപോയി. ഇനി എന്ത് ചെയ്യും? ഇത്രയും വിഷമുള്ള ഒരു പാമ്പിനോട് എതിരിടാനുള്ള ശക്തി തനിക്കില്ല. ഈ ശത്രുവിനെ തകർക്കാതെ ഇനി മുട്ടയിടാനും സാധിക്കില്ല. എന്താണ് ഇതിനൊരു പോംവഴി? കാക്കയമ്മ ചുഴിഞ്ഞ് ആലോചിച്ചു. ഒടുവിൽ അടുത്ത കൂട്ടുകാരനായ കുറുക്കനെ കണ്ട് കാര്യം പറയാം എന്ന് കാക്കയമ്മ തീർച്ചയാക്കി.

അവന് തന്നെ സഹായിക്കാൻ സാധിച്ചേക്കും. ഇത്തരം കാര്യങ്ങളിൽ യുക്തിപൂർവ്വം ആലോചിച്ച് തീരുമാനമെടുക്കാനുള്ള കഴിവ് അവനുണ്ട്.




വിനോദവും വിജ്ഞാനവും പകർന്നു നൽകുന്ന സാരോപദേശ കഥകൾ. തലമുറകൾ കൈമാറി വരുന്ന പഞ്ചതന്ത്രം കഥകളുടെ സമാഹാരം. മഹിളാരൂപ്യ രാജ്യത്തിലെ രാജകുമാരന്മാരെ സദ്ഗുണ സമ്പന്നരും ജ്ഞാനികളുമാക്കുന്നതിനായി വിഷ്ണുശർമ്മൻ പറഞ്ഞ കഥകൾ.

വില
₹310

# യയാതി

പുനരാഖ്യാനം **ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി**

സ്വർഗ്ഗത്തിന്റെ അധിപന്മാരാണ് ദേവന്മാർ. പാതാളത്തിന്റെ അധിപന്മാർ അസുരരും. എന്നാൽ ഇടയ്ക്കിടെ ശക്തന്മാരായ അസുരന്മാർ അവരുടെ നേതാവാകുമ്പോൾ അവർ ദേവലോകത്തിലേക്കു കടന്നു കയറാറുണ്ട്. ദേവന്മാരോട് ഏറ്റുമുട്ടാറുണ്ട്. തങ്ങളാണ് കൂടുതൽ ശക്തരെന്നു തെളിയിക്കുക തന്നെയാണ് ലക്ഷ്യം. അവസാന വിജയം എപ്പോഴും ദേവന്മാരുടെ കൂടെയായിരിക്കും. കാരണം അവരെ സഹായിക്കാൻ വിഷ്ണുവും ബ്രഹ്മാവും ശിവനുമൊക്കെയുണ്ടല്ലോ.

സുരന്മാരാണ് ദേവന്മാർ. അവർ മദ്യം കഴിക്കുകയില്ല. അസുരർ സുര (മദ്യം) പാനം ചെയ്യുന്നവരും. ദേവാസുര യുദ്ധത്തിൽ ധാരാളം അസുരർ കൊല്ലപ്പെട്ടുകൊണ്ടിരുന്നു. അതിൽ നിന്നു രക്ഷപ്പെടാൻ വഴിയെന്ത് എന്ന് അസുരർ അന്വേഷിച്ചു കൊണ്ടിരുന്നു. അപ്പോഴത്തെ അവരുടെ നേതാവ് വൃഷപർവ്വാവായിരുന്നു. ശുക്രാചാര്യരായിരുന്നു അസുര ഗുരു. അദ്ദേഹം തപസ്സു ചെയ്ത് സഞ്ജീവനി മന്ത്രം നേടിയെടുത്തു. അതുപയോഗിച്ച് യുദ്ധത്തിൽ കൊല്ലപ്പെടുന്ന അസുരരെ ജീവിപ്പിക്കാൻ കഴിയും. അതോടെ ദേവാസുര യുദ്ധങ്ങളിൽ അസുരർക്കായി മേൽക്കൈ. യുദ്ധത്തിൽ ദേവന്മാർ കൊല്ലുന്നവരെയൊക്കെ ശുക്രാചാര്യർ സഞ്ജീവനി മന്ത്രം കൊണ്ടു ജീവിപ്പിക്കും.

ഈ അവസ്ഥ ദേവന്മാരെ പ്രത്യേകിച്ചും ദേവരാജാവായ ഇന്ദ്രനെ വല്ലാതെ വിഷമിപ്പിച്ചു. ഇതിനെങ്ങനെ പ്രതിവിധി കാണും? ദേവേന്ദ്രൻ ആലോചനയിലായി. അദ്ദേഹം ദേവഗുരുവായ ബൃഹസ്പതിയുമായി കൂടിയാലോചിച്ചു. അദ്ദേഹം പറഞ്ഞു. "അല്ലയോ ദേവഗുരോ, അസുരന്മാർ സഞ്ജീവനി മന്ത്രം കൊണ്ട് യുദ്ധത്തിൽ മരിച്ചു വീഴുന്നവരെയൊക്കെ ജീവിപ്പിക്കുകയാണ്. അവരെ ഇങ്ങനെ വിട്ടാൽപ്പിന്നെ നമ്മളുണ്ടാവില്ല. അവരുടെ അഹങ്കാരം വർദ്ധിക്കും.





**കച ദേവയാനി കഥയിലൂടെ ആരംഭിച്ച് യയാതിയുടെ സംഭവ ബഹുലമായ ജീവിതത്തെ അതിലളിതമായ വിധത്തിൽ അവതരിപ്പിക്കുന്ന കൃതി.**

വില
₹90

# ബി എം സുഹറയുടെ
# പുതിയ കഥാസമാഹാരം



ചെറുകഥയുടെ സാമ്പ്രദായിക രചനാരീതിശാസ്ത്രത്തെ അപ്രസക്തമാക്കുന്ന കഥകളാണ് ബി എം സുഹറയുടേത്. പ്രാദേശിക മൊഴിവഴക്കങ്ങളുടെ വിസ്മയ ലോകം തീർക്കുന്ന സുഹറയുടെ കഥകൾ മനുഷ്യരുടെ അതിസങ്കീർണ്ണാനുഭവങ്ങളെ ആലേഖനം ചെയ്യുന്നു.







## ചില്ലാട്ട കല്ല്യാണം



**ടി പി കലാധരൻ**

**വില ₹360**

വസ്തുക്കളും അതിനെപ്പറ്റിയുള്ള സ്മരണകളും മനുഷ്യമനസ്സിൽ ആഴത്തിൽ കുഴിച്ചിടപ്പെട്ട ചരിത്രത്തിന്റെ ഏടുകളാണ്. മനുഷ്യരുടെ കൊള്ള-കൊടുക്കലുകൾക്കൊപ്പം അതിനു നിദാനമായ വസ്തുക്കളും ഓർത്തെടുക്കലിന്റെ മാസ്മരികതയിൽ എപ്പോഴും തെഴുത്തു നില്ക്കും. ടി പി കലാധരന്റെ ചില്ലാട്ട കല്ല്യാണം ചരിത്രത്തിന്റെ മൂലക്കല്ലുകൾ കടന്നുള്ള മനുഷ്യസഞ്ചാരത്തിന്റെ അടയാളപ്പെടുത്തലുകളാണ്. മനുഷ്യജീവിതത്തിന്റെ ഇഴകളിൽ വേർപെടുത്താനാവാത്തവിധം കുരുങ്ങിക്കിടക്കുന്ന ബന്ധങ്ങളുടെ ആവിഷ്കാരമാണീ നോവൽ.

യാത്ര

# ജർമ്മൻ ദിനങ്ങൾ


## അശോകൻ ചരുവിൽ




കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. 2022 മേയ് 16, കാലത്ത് പത്ത് മണി. കോവിഡ് നിയന്ത്രണങ്ങൾ മാറി വരുന്നതേയുള്ളൂ. യാത്രക്കാർ നാലുമണിക്കൂർ മുമ്പെ എത്തണമെന്ന നിബന്ധന നിലവിലുണ്ടായിരുന്നു. ഖത്തർ എയർവേസിന്റെ ചെക്കിൻകൗണ്ടറിൽ ചെന്നപ്പോൾ അവിടെ ഇരിക്കുന്ന മനുഷ്യൻ പ്രശ്നമുണ്ടാക്കി.

"നിങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയില്ല."

കസേരയിൽ ഇരിപ്പുറച്ചവരുടെ കർശനഭാഷയിൽ അദ്ദേഹം പറഞ്ഞു.

മേയ് 17 ന് ആണ് എന്റെ വിസ ആരംഭിക്കുന്നത്. എന്നു വെച്ചാൽ നാളെ മുതൽ. അതുകൊണ്ട് ഇന്ന് പോകാൻ പറ്റില്ല എന്നാണ് ആദേഹം പറയുന്നത്. ഞാൻ ദോഹ വഴിയാണ് പോകുന്നത്. അവിടെന്ന് ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് വിമാനത്തിൽ കയറുമ്പോഴേക്കും തീയതി 17 ആകും. അതു പറഞ്ഞിട്ടൊന്നും അയാൾ സമ്മതിക്കുന്നില്ല. എനിക്ക് നമ്മുടെ സർക്കാർ ആപ്പീസുകളെ ഓർമ്മ വന്നു. സീറ്റിലിരിക്കുന്നവന്റെ അറിവില്ലായ്മ മനുഷ്യനെ കഷ്ടപ്പെടുത്തുന്നു. തർക്കം ശ്രദ്ധയിൽപ്പെട്ട ഒരു സീനിയർ ഉദ്യോഗസ്ഥൻ വന്നു. പാസ്പോർട്ടും വിസയും പരിശോധിച്ച് അദ്ദേഹം പറഞ്ഞു: "ഇതിൽ ഒരു കുഴപ്പവുമില്ല. താങ്കൾക്ക് യാത്ര ചെയ്യാം. തടസ്സമുണ്ടായതിൽ ഖേദിക്കുന്നു."

ജർമ്മനിയിൽ മക്കളുടെ അരികിലേക്കാണ് പോകുന്നത്. എങ്കിലും കുറച്ചു യൂറോ കറൻസി കൈയിൽ കരുതാമെന്ന് വെച്ചു. 80 രൂപയുള്ള യൂറോയ്ക്ക് 88 രൂപയാണ് ഒരു ഏജൻസി പറഞ്ഞത്. ഫെഡറൽ ബാങ്കിന്റെ കൗണ്ടറിൽ നിന്ന് സംഭവം 84 രൂപയ്ക്ക് കിട്ടി. കുറച്ച് ഖത്തർ റിയാലും വാങ്ങിച്ചു.

എമിഗ്രേഷനും സെക്യൂരിറ്റി ചെക്കും കഴിഞ്ഞപ്പോഴാണ് വിശപ്പിനെക്കുറിച്ച് ഓർമ്മ വന്നത്. മൂന്ന് ഇഡ്ഡലി, സാമ്പാർ, തണുത്ത ചമ്മന്തി. ഇരുന്നൂറ്റി ഇരുപതു രൂപ. പടച്ചോനെ! കറിവേപ്പിലയടക്കം ഒന്നും ബാക്കിവെക്കാതെ കഴിച്ചു. ചായയ്ക്ക് 75 രൂപയാണ്. അതു വേണ്ടെന്നു വെച്ചു. അപ്പുറത്ത് ചൂടുവെള്ളം സൗജന്യമായി കിട്ടുമല്ലോ. ഗേറ്റിനടുത്തുള്ള കസേരയിൽ പോയിരുന്നു.

ജർമ്മനിയിലേക്ക് രണ്ടാംതവണയാണ് പോകുന്നത്. 2018 ആഗസ്തിലായിരുന്നു ആദ്യയാത്ര. അന്നു കൂടെ ജീവിതത്തിലെ സഹയാത്രിക ഉണ്ടായിരുന്നു. ഇന്നില്ല. അവർ ഈ പ്രപഞ്ചത്തിൽത്തന്നെ ഇല്ല. കഴിഞ്ഞ നാലുവർഷങ്ങൾക്കിടയ്ക്ക് എന്റെ ലോകം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ഞാൻ സാരമാക്കിയില്ല. കീഴ്മേൽ മറിഞ്ഞുകിടക്കുന്ന ലോകത്തും മനുഷ്യനു ജീവിക്കാൻ കഴിയും.

2018 ലെ യാത്രാക്കാലത്താണ് കേരളത്തിൽ അതിഭീകരമായ പ്രളയമുണ്ടായത്. ഞങ്ങൾ അപ്പോൾ മക്കളുമൊത്ത് ചെക്ക് റിപ്പബ്ലിക്കിൽ വിനോദയാത്രയിലായിരുന്നു. ടെലിവിഷൻ കാഴ്ചകൾ നടുക്കി. തിരിച്ചു ചെല്ലുമ്പോൾ കേരളമുണ്ടാവുമോ എന്നു സംശയിച്ചു. സത്യത്തിൽ

വലിയൊരു അനുഭവമാണ് അന്ന് നഷ്ടപ്പെട്ടത്. നെടുമ്പാശ്ശേരി എയർപോർട്ട് വെള്ളംകയറി അടച്ചതുകൊണ്ട് തിരിച്ചുള്ള യാത്ര വൈകി. വെള്ളമിറങ്ങിയശേഷം തിരിച്ചെത്തിയപ്പോൾ വലിയ കുറ്റബോധമുണ്ടായിരുന്നു. കാട്ടൂരിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ ചെന്നത് ഒരു അപരാധിയുടെ മട്ടിലാണ്.

(പുസ്തകത്തിൽ നിന്നും)




വസന്തം കഴിയുകയും വേനൽ ആഘോഷങ്ങൾക്കായി മനുഷ്യർ കൊഴിഞ്ഞ പൂവുകൾ വീണുകിടക്കുന്ന മൈതാനങ്ങളിൽ ഒത്തുചേരുകയും ചെയ്യു മ്പോൾ അശോകൻ ചരുവിൽ എന്ന കഥാകാരൻ നമുക്കായി യാത്രയുടെ ഓർമ്മകൾ ഒപ്പിയെടുക്കുകയാണ്. അലസഗമനമല്ല ചരിത്രത്തിന്റെയും വർത്തമാനത്തിന്റെയും കാൽമുദ്രകളിൽ സ്വന്തം പാദമൂന്നി നടന്ന ഒരു യാത്രികന്റെ അസാധാരണമായ യാത്രാക്കുറിപ്പുകളാണീ പുസ്തകം.

വില ₹290



# വായിച്ചു രസിക്കാൻ

ബാലസാഹിത്യം




യോഗയോടൊപ്പം വളരുക





നമ്മൾ നൃത്തമാടുന്ന വനങ്ങൾ




അമ്മുവിന്റെ കുപ്പിവഞ്ചി





നദികളുടെ മത്സരം




നമ്മുടെ പല വർണ്ണങ്ങൾ




ചിന്നുവും മിന്നുവും കള്ളനെ പിടിച്ച കഥ



# പ്രീസ്കൂൾ പുസ്തകങ്ങൾ




നോവൽ



വില ₹220

നാസി തടങ്കൽപ്പാളയത്തിൽ അടയ്ക്കപ്പെട്ട പ്രശസ്ത മനഃശാസ്ത്രജ്ഞൻ വിക്ടർ ഫ്രാങ്ക്ളിന്റെ ഡയറിക്കുറിപ്പുകളിലൂടെ വികസിച്ച് ഓഷ്വിറ്റ്സ് എന്ന നരകത്തിന്റെ ഭീകരാനുഭവങ്ങളെ അടയാളപ്പെടുത്തുന്ന നോവൽ. ചരിത്രവും ഭാവനയും ഇടകലരുന്ന അസാമാന്യ രചന.

# ഒരു ബൊഹീമിയൻ ഡയറി

## പി എം മധു

ഡയറിയിലെ ആദ്യത്തെ പേജ്

1945 മാർച്ച് 12

'പ്രിയപ്പെട്ട സ്റ്റെല്ല,

ഞാൻ മോചിതനായി വിയന്നയിലെത്തിയിട്ട് മൂന്നാഴ്ചയായി.

നിനക്കെഴുതണമെന്ന് പല പ്രാവശ്യം കരുതിയിട്ടും സാധിച്ചില്ല. ഒടുവിൽ ഇപ്പോഴാണ് സാഹചര്യം ഒത്തുവന്നത്. പക്ഷേ, നിന്നോട് പങ്കുവെക്കാൻ

എന്റെ കൈയിലിപ്പോൾ സങ്കടകരമായ വാർത്തകൾ മാത്രമേയുള്ളൂ.

തെരേസിയൻസ്റ്റാറ്റിൽ നിന്ന് എന്നെ ഓഷ്വിറ്റ്സിലേക്കയക്കുന്നതിന് കുറേ മുമ്പുതന്നെ മമ്മയെ അങ്ങോട്ടയച്ചിരുന്നു. അറിയാമല്ലോ അതുകൊണ്ട് എന്താണർത്ഥമാക്കുന്നതെന്ന്. ജ്യേഷ്ഠനെയും അതേ ഗ്യാസ് ചേമ്പറിലിട്ടാണ് കൊന്നുകളഞ്ഞത്. തെരേസിയൻസ്റ്റാറ്റിൽ വെച്ച് ടൈഫോയ്ഡ് വന്നാണ് പപ്പ മരിച്ചത്. എന്റെ മടിയിൽ കിടന്ന്. യുദ്ധം തുടങ്ങുംമുമ്പ് ആസ്ത്രേലിയയ്ക്ക് രക്ഷപ്പെടാൻ തോന്നിയത് നിന്റെ ഭാഗ്യം.

മൂന്നു വർഷം നാലഞ്ചു കോൺസൺട്രേഷൻ ക്യാമ്പുകളിലായി ഞാൻ നരകിച്ചു. ടില്ലിയെങ്കിലും ജീവിച്ചിരിപ്പുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. ഇനി അവളുമില്ല. അത് ഞാനറിഞ്ഞിട്ട് രണ്ടാഴ്ചയാകുന്നതേയുള്ളൂ. അവളുടെ കൂടെ ബെർഗണിലുണ്ടായിരുന്ന ഒരു നഴ്സാണ് അതെന്നോട് പറഞ്ഞത്. ടൈഫോയ്ഡാണത്രേ അവളെയും കൊണ്ടുപോയത്. പിന്നെയും എന്തൊക്കെയോ പറയാൻ അവർ വെമ്പിയെങ്കിലും ഞാൻ കൂടുതലൊന്നും കേൾക്കാൻ നിന്നില്ല.

(പുസ്തകത്തിൽ നിന്നും)





## സമർപ്പൺ

മലബാർ കാൻസർ സെന്ററിലെ ജീവനക്കാരുടെ അനുഭവ കുറിപ്പുകൾ

₹290

ആരോഗ്യം

## സായൂജ്

മലബാർ കാൻസർ സെന്ററിലെ രോഗികളുടെ അനുഭവ കുറിപ്പുകൾ

₹230



# ഏറ്റവും പുതിയ പുസ്തകങ്ങൾ




₹190

## റെഡ്

**പൊന്ന്യം ചന്ദ്രൻ**

ഇടുക്കിയുടെ താഴ്‌വാരത്തുനിന്നും എറണാകുളം നഗരത്തിന്റെ അഴിയാക്കുരുക്കുകളിലേക്ക് വിദ്യ തേടിയെത്തിയ അഭിറാം എന്ന യുവാവിന്റെ കഥ. ജീവിച്ചിരിക്കുന്നവരോ മൺമറഞ്ഞവരോ ആയ പലരുടെയും ജീവിതഛായകൾ കലരുന്ന നോവൽ. മഹാരാജാസ് കോളേജും അവിടത്തെ വിദ്യാർത്ഥിജീവിതവും വിദ്യാർത്ഥി പ്രസ്ഥാനവും രക്തസാക്ഷിത്വവും നിങ്ങളെ ചില പേരുകളിലേക്ക് എത്തിക്കും. സ്വന്തം ജീവൻ നൽകി സമഭാവനയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നവരുടെ കഥ.

നോവൽ




₹280


## ചെങ്ങന്നൂ കുഞ്ഞാതി ഒരു പുരാവൃത്തം

**ഡോ. ചേരാവള്ളി ശശി**

മധ്യതിരുവിതാംകൂറിൽ പ്രചരിച്ചിരുന്ന പാട്ടുകാവ്യത്തിന്റെ പുനരാഖ്യാനമാണ് ചെങ്ങന്നൂ കുഞ്ഞാതി ഒരു പുരാവൃത്തം. ജാതിവെറിയും അസ്പൃശ്യതയും നടമാടിയ കാലത്ത് പറയ സമുദായത്തിൽനിന്നും ഉയർന്ന വന്ന കുഞ്ഞാതിയുടെ പോർവീര്യം സമൂഹത്തിന് പകർന്നുനൽകാൻ ഈ കൃതിക്ക് കഴിയും.

ഫോക്‌ലോർ

# The Art of English Writing





## Functional Writing

**PART 1**

₹400

**Dr. Bitter C Mukkolakkal**

Are you Struggling with your English writing? Do you know the discourage structures of writing? This book is about writing Functional English which is the part I of the topic, English Writing. This book is guaranteed to make aspects of Functional English writing simple, clear and accessible.




## Creative Writing

**PART 2**

₹400

Are you Struggling with your English writing? Do you know the discourage structures of writing? This book is about writing Creative English which is the part II of the topic, English Writing. This book is guaranteed to make aspects of Creative English writing simple, clear and accessible.

# പെൺഭയാർക്കി
**അർജ്ജുൻ അടാട്ട്**

കഥകൾ

പതിവുപോലെ അന്നും നാല് മണിക്ക് തന്നെയായിരുന്നു അംഗനവാടി പിള്ളാരുടെ ഘോഷയാത്ര. ഗേറ്റിന് മുന്നിലൂടെ തിമർത്തോടുന്ന ആ സംഘം വാതം കൊല്ലി പടർന്ന വേലിപ്പടർപ്പിനപ്പുറത്തുടെ ചിതറിത്തെറിച്ച നിറച്ചാർത്തുകളായി മറയുന്നു.

"നീയന്വേഷിച്ചോ" വേലിപ്പുറത്തെ നിറച്ചാർത്തിൽ തന്നെ കണ്ണ് നട്ട് ലളിത പ്രതീക്ഷയോടെ ചോദിച്ചു.

"നമ്മടെ നാട്ടിലൊന്നും നിയമത്തില് വന്നിട്ടില്ല... ഇനി വന്നാലും ആൾക്കാരടെ എടേൽ എത്താൻ കൊറേ കഴിയും".... മായയുടെ വാക്കുകൾ അലസമായി ഇഴഞ്ഞു.

"എവിടത്തെ ന്യായാ ഇത്? പെണ്ണുങ്ങൾക്ക് എന്താ കുട്ടിയോളെ നോക്കി വളർത്താൻ പറ്റായ?.. അവറ്റപറയണത് അല്ലെ പ്രകൃതി വിരുദ്ധം?" ലളിതയുടെ വാക്കുകളിൽ നിസ്സഹായത.

അവർക്കിടയിലേക്ക് അപ്പോൾ ദൂരെനിന്നും കുട്ടികളുടെ നേരിയ ആർപ്പുവിളികൾ മാത്രം ഇഴഞ്ഞ് വന്നു.

"ഇനി ഇപ്പോ നീയ്യ് പറഞ്ഞപോലെ ചെയ്യണ്ടേര്യോ?"

ലളിതയുടെ ആ ചോദ്യത്തിന് മായ ഒന്ന് മൂളുക മാത്രമാണുണ്ടായത്.

അവളുടെ തണുപ്പൻ മറുപടിയിൽ ലളിത പരിഭവം കാട്ടിയത്, മടിയിൽക്കിടന്ന അവളെ തള്ളി എണീപ്പിച്ചുകൊണ്ടാണ്.

"എനിക്കും ഇഷ്ടണ്ടായിട്ടല്ല... അതല്ലെ.. ഒരു വഴിള്ളൂ... രണ്ടീസം കൂടി... ഒരു തീരുമാനാവും.. മറ്റന്നാ ഉച്ചരിയുമ്പോ.."

മായ പദ്ധതി ഒന്നുകൂടി പറഞ്ഞ് തീരുംമുമ്പേ ലളിത അവളുടെ വാ പൊത്തി.

(പുസ്തകത്തിൽ നിന്നും)




വില ₹130



# ശരീരശാസ്ത്രപരം
**ജോൺ സാമുവൽ**

നോവൽ

കുഞ്ഞുനാൾ മുതൽക്കേ ലാസർ ശാസ്ത്രവിഷയങ്ങളിൽ തൽപ്പരനായിരുന്നുവെന്ന സാക്ഷ്യം ലാസറിന്റെ തന്നെയാണ്. ഒട്ടുമിക്ക ശാസ്ത്ര ശാഖകളെക്കുറിച്ചും കേൾക്കുകയും, കൂടുതൽ അറിയാനുള്ള താൽപ്പര്യം പ്രൈമറി സ്കൂൾതലം മുതൽക്ക് കാട്ടുകയും ചെയ്തിരുന്നതിനാൽ ഒന്നാം ക്ലാസ് മുതൽ ആദ്യബെഞ്ചിലെ ആദ്യ വിദ്യാർത്ഥിയായി തന്റെ സ്ഥാനം നിലനിർത്തിപ്പോന്നിരുന്നതായി അഭിമാനത്തോടെയാണ് ലാസർ ഓർമ്മിക്കാറുള്ളത്.

തോട്ടംവക സ്കൂളിലെ വിദ്യാർത്ഥികളിൽ ഏറിയ പങ്കും ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികളുടെ മക്കളാണെന്നതിനാലാണ് അസിസ്റ്റന്റ് മാനേജരുടെ മകനായ ലാസറിന് ആ ഇരിപ്പിടം ലഭിച്ചതെന്ന കുശുകുശുപ്പുകളിൽ ലാസർ ആദ്യകാലം മുതൽക്കേ അസ്വസ്ഥനും ഖിന്നനും ആയിരുന്നു. അതാണ് മാനദണ്ഡമെങ്കിൽ അതേ ക്ലാസിൽ പഠിക്കുന്ന തോട്ടം സൂപ്രണ്ടിന്റെ മകൻ ആദ്യബെഞ്ചിൽ രണ്ടാമതായെങ്കിലും ഇരിക്കേണ്ടതല്ലേ? സൂപ്രണ്ടിന്റെ മകൻ മണികണ്ഠവാസന്റെ സ്ഥാനം നാലാമത്തെ ബെഞ്ചിന്റെ നടുക്കായിട്ടാണ്. അവൻ ഒരിക്കലും ക്ലാസിലെ ആദ്യ പത്തു സ്ഥാനക്കാരിൽ വന്നിട്ടുമില്ല. അതിനാൽ എല്ലാവിഷയങ്ങൾക്കും ക്ലാസിൽ ഒന്നാമനായ തനിക്ക് അവകാശപ്പെട്ടതാണ് ആദ്യ വരിയിലെ ആദ്യ സ്ഥാനം എന്ന് ലാസർ ഉറച്ചു വിശ്വസിച്ചു.


കോളേജ് തലംവരെ നീണ്ട കാലയളവിനുള്ളിൽ സാമ്പത്തികശാസ്ത്രം, ഗണിതശാസ്ത്രം, ജീവശാസ്ത്രം, മന: ശാസ്ത്രം, വേദശാസ്ത്രം, പക്ഷിശാസ്ത്രം എന്നിങ്ങനെ പരശ്ശതം ശാസ്ത്രങ്ങളെക്കുറിച്ചുള്ള പ്രാഥമിക അറിവിനാൽ സമ്പന്നനായിരുന്നു ലാസർ എങ്കിലും, കാലങ്ങളേറെയെടുത്ത് തന്റെ ശരീരത്തെക്കുറിച്ചു മനസ്സിലാക്കുവാനും, അതിനുമുണ്ട് ഒരു ശാസ്ത്രം എന്ന് കണ്ടെത്തുവാനും.


(പുസ്തകത്തിൽ നിന്നും)




വില ₹210









₹670

ഗ്രീക്ക്
പാഷൻ




₹740


ക്രിസ്തുവിന്റെ
അന്ത്യപ്രലോഭനം


## നിക്കോസ് കസാൻദ്സാക്കീസ്

# ലോക ക്ലാസിക്കുകൾ

## കാലാതീതമായ രചനകൾ വായനകൾ

## ആന്ദ്രേ ഴിദ്






₹250

ഇടയന്റെ സിംഫണി &
ഇസബെല്ല



# കണ്ണൂർ ദേശാഭിമാനി ബുക്ക്ഹൗസ് നവീകരിച്ച ഷോറൂം ഉദ്ഘാടനം

കണ്ണൂർ ദേശാഭിമാനി ബുക്ക്ഹൗസിന്റെ നവീകരിച്ച ഷോറൂം ഉദ്ഘാടനം സ. എം വി ജയരാജൻ നിർവ്വഹിച്ചു. ഇ പി രാജഗോപാലൻ, സി പി രമേശൻ, പ്രൊഫ. ബി മുഹമ്മദ് അഹമ്മദ്, എം കെ മനോഹരൻ, പി കെ വിജയൻ, നാരായണൻ കാവുമ്പായി, എ എം സുഷമ, കെ ടി ശശി, എൻ മോഹനൻ, കെ പി സുധാകരൻ എന്നിവരുൾപ്പെടെയുള്ളവർ പങ്കെടുത്തു. സെൻട്രൽ ബസ് ടെർമിനൽ കോംപ്ലക്സ് താവക്കരയിലെ ഷോറൂമിൽ മലയാളത്തിലെ പുതിയ എല്ലാ പ്രസാധകരുടെയും പുസ്തകങ്ങൾ ലഭ്യമാണ്.

## ദേശാഭിമാനി ബുക്ക്ഹൗസുകളിൽ മൺസൂൺ പുസ്തകമേള



കണ്ണൂർ ദേശാഭിമാനി ബുക്ക്ഹൗസിലെ മൺസൂൺ പുസ്തകോത്സവം ലൈബ്രറി കൗൺസിൽ സെക്രട്ടറി പി കെ വിജയൻ ഉദ്ഘാടനം ചെയ്യുന്നു



തിരുവനന്തപുരം സ്റ്റാച്യു ദേശാഭിമാനി ബുക്ക്ഹൗസിലെ മൺസൂൺ പുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ വായനക്കാരുടെയും പ്രവർത്തകരുടെയും കൂട്ടായ്മ

# പുസ്തകപ്രകാശനങ്ങൾ

ഇന്ദുമേനോൻ എഡിറ്റ് ചെയ്ത **പ്രണയപാരിജാതം** സംഗീത സംവിധായകൻ എം ജയചന്ദ്രൻ നീന കുറുപ്പിന് നൽകി പ്രകാശം ചെയ്യുന്നു



പി വത്സലയുടെ **ചിത്രലേഖ** കോഴിക്കോട് മേയർ ബീന ഫിലിപ്പ് ബി എം സുഹറയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു




പി എം മധു രചിച്ച **ഒരു ബൊഹീമിയൻ ഡയറി** ഇ പി രാജഗോപാലൻ, ഡോ. സന്തോഷ് മാനിച്ചേരിയ്ക്ക് നൽകി പ്രകാശനം നിർവഹിച്ചു



സുരേലാൽ പി. രചിച്ച **മരുഭൂമികളുടെ ആത്മഭാഷണം** എന്ന നോവൽ കൃഷിവകുപ്പ് മന്ത്രി ശ്രീ പി പ്രസാദ്, അഡ്വ വി ജോയ് എം. എൽ. എ-യ്ക്ക് നല്കി പ്രകാശനം നിർവഹിച്ചു



മോബിൻ മോഹന്റെ **ഉണ്ണീരിയമ്മ പറഞ്ഞ കഥകൾ** സച്ചിദാനന്ദൻ അശോകൻ ചരുവിലിന് നൽകി പ്രകാശനം ചെയ്യുന്നു







# പൊതുപ്രവർത്തനത്തിന്റെ ആദ്യപാഠങ്ങൾ

നിസ്സഹകരണ -ഖിലാഫത്ത് പ്രസ്ഥാനങ്ങളുടെ വളർച്ചയോടുകൂടി രാഷ്ട്രീയ കാര്യങ്ങളിൽ എനിക്ക് താൽപ്പര്യം ജനിക്കാൻ തുടങ്ങിയിരുന്നുവല്ലോ. അത് വളർന്നുവരാൻ ഇടയാക്കിയ ഒരു സംഭവം ഇക്കാലത്ത് നടന്നു. കോഴിക്കോട്ടുനിന്ന് കെ പി കേശവമേനോന്റെ പത്രാധിപത്യത്തിൽ മാതൃഭൂമി ഒരു ത്രൈവാരികയായി പുറത്തുവരാൻ തുടങ്ങി.

മലബാർ ലഹളയിൽ ചെന്നെത്തിയ കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനം ലഹളക്കുശേഷം വലിയ ആശയക്കുഴപ്പത്തിൽപ്പെട്ട് കിടക്കുകയായിരുന്നു. ഈ ആശയക്കുഴപ്പമാകട്ടെ, മറ്റ് ചില സംഭവങ്ങളെത്തുടർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിലും വളർന്നുവന്നിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൽ മഹാത്മാഗാന്ധിയുടെ വലംകൈയായി നിന്നിരുന്ന പല അഖിലേന്ത്യാ നേതാക്കന്മാരും വീണ്ടും നിയമസഭകളിൽ പ്രവേശിക്കണമെന്ന അഭിപ്രായക്കാരായി മാറി. ഈ പുതിയ നീക്കത്തെ ശക്തിയായി അനുകൂലിക്കുന്നവരെപ്പോലെ രൂക്ഷമായി എതിർക്കുന്നവരും അഖിലേന്ത്യാനേതാക്കന്മാരുടെ ഇടയിലുണ്ടായിരുന്നു. പോരെങ്കിൽ, കോൺഗ്രസ് നേതാക്കന്മാരിൽ ഒരു വിഭാഗംതന്നെ ഹിന്ദുക്കളായും മുസ്ലിങ്ങളായും സിഖുകാരായും മറ്റും പിരിഞ്ഞ് താന്താങ്ങളുടെ സമുദായതാൽപ്പര്യങ്ങളുടെ പേരിൽ മത്സരിക്കാൻ തുടങ്ങി.




ഇതിന്റെയെല്ലാം അല കുറെക്കൂടി ശക്തിയായി കേരളത്തിലും അടിച്ചു. ബ്രിട്ടീഷ് ഗവൺമെന്റിനെതിരായ ഒരു ബഹുജനപ്രസ്ഥാനം 'മാപ്പിള ലഹള'യായി രൂപം പ്രാപിച്ചത് ഇവിടെയും സാമുദായിക മനോഭാവം വളർത്താൻ ഇടയാക്കി. ഹിന്ദുക്കളുടെ ഇടയിൽ മുസ്ലിം വിരോധവും മുസ്ലിങ്ങളുടെ ഇടയിൽ നിരാശയും പടർന്നുപിടിച്ചു. മുമ്പ് സജീവകോൺഗ്രസുകാരായിരുന്നവരിൽ നല്ലൊരുവിഭാഗം നിഷ്ക്രിയരായിത്തീർന്നു. നിസ്സഹകരണാഹ്വാനത്തെ തുടർന്ന് കോടതി ബഹിഷ്കരിക്കുകയും ജോലി ഉപേക്ഷിക്കുകയും ചെയ്ത് മുഴുവൻസമയ പ്രവർത്തകൻമാരായിത്തീർന്നിരുന്ന പല കോൺഗ്രസുകാരും ജോലി നോക്കി പോയി. കോൺഗ്രസിന്റെ സംഘടന നാമാവശേഷമായി.

ഈ ഘട്ടത്തിലാണ് മാതൃഭൂമിയുടെ രംഗപ്രവേശം. അതുകൊണ്ട് മറ്റ് പലരേയും പോലെ ഞാനും വളരെ താൽപ്പര്യത്തോടുകൂടി പത്രത്തിന്റെ പ്രസിദ്ധീകരണത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ആദ്യലക്കം പുറത്തുവന്നതുമുതൽ അത് ക്രമമായി വരുത്താനും വായിക്കാനും മാത്രമല്ല, വായിച്ചുകഴിഞ്ഞാൽ ലക്കം ലക്കമായി അടുക്കി സൂക്ഷിച്ചുവെക്കാനും ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.

ഇതിനുമുമ്പ് (നിസ്സഹകരണ പ്രസ്ഥാനത്തിനുമുമ്പ്) രാഷ്ട്രീയകാര്യങ്ങൾ പ്രതിപാദിക്കുന്നതും ദേശീയമനോഭാവം പ്രതിഫലിപ്പിക്കുന്നതുമായ ദുർലഭം ചില വാരികകളെ ഉണ്ടായിരുന്നുള്ളൂ. ആഴ്ചയിൽ ഒന്നിലധികം ലക്കങ്ങൾ പുറപ്പെടുവിക്കുന്ന ദേശീയപത്രങ്ങൾ ഇല്ലായിരുന്നു. എന്റെ ഓർമ ശരിയാണെങ്കിൽ, കോഴിക്കോട്ടുനിന്ന് രണ്ട് ദ്വൈവാരികകൾ പുറത്തുവന്നിരുന്നു--കേരളപത്രികയും മനോരമയും. പക്ഷേ അവയുടെ നയം ദേശീയവാദപരമായിരുന്നില്ല.

**ചിന്ത പബ്ലിഷേഴ്സ്**
**ദേശാഭിമാനി ബുക്ക് ഹൗസ്**
എ.കെ.ജി. സെന്ററിന് സമീപം,
**തിരുവനന്തപുരം**
www.chinthapublishers.com

## ബ്രാഞ്ചുകൾ

| | | |
|---|---|---|
| **കണ്ണൂർ** | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ് | ☎ 99959 35862 |
| **കണ്ണൂർ** | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര | ☎ 95622 82676 |
| **കോഴിക്കോട്** | മാവൂർ റോഡ്, ടി വി എസിനു സമീപം | ☎ 94970 81715 |
| **കോഴിക്കോട്** | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ | ☎ 94954 13660 |
| **തൃശ്ശൂർ** | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ | ☎ 85475 15541 |
| **തൃശ്ശൂർ** | എക്സിബിഷൻ യൂണിറ്റ് | ☎ 99616 52484 |
| **എറണാകുളം** | കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ | ☎ 99461 64198 |
| **തിരുവനന്തപുരം** | കരിമ്പനാൽ സ്റ്റാച്യു അവന്യൂ | ☎ 83018 29126 |
| **തിരുവനന്തപുരം** | സാഫല്യം കോംപ്ലക്സ്, പാളയം | ☎ 97452 46406 |
| **തിരുവനന്തപുരം** | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ് | ☎ 94962 00565 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905
പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615
നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671
ഇ എം എസ് അക്കാദമി തിരുവനന്തപുരം
നിലമ്പൂർ ☎ 9447630679

## ചിന്ത ബുക്സ് കോർണറുകൾ

പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851
ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226
ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ ☎ 7592858969
കോഴിക്കോട്: ശ്രീനിവാസൻ ☎9447390280

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

മാതൃഭൂമി ബുക്സിന്റെ എല്ലാ ശാഖകളിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്,
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com (w) www.chinthapublishers.com

# ദി കാലിക്കറ്റ് കോ–ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്

SINCE 1915

No. 1538.

RBI Licence No. UBD.KR.813.P

## RBI യുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ മികച്ച അർബൻ ബാങ്ക്

108 വർഷത്തിലേറെ സേവന പാരമ്പര്യം.



- **സ്വർണ്ണ പണയ വായ്പ**
  **ഗ്രാമിന് കൂടുതൽ തുക കുറഞ്ഞ പലിശ***
  പ്രവർത്തി ദിവസങ്ങളിൽ എല്ലാ ശാഖകളിലും ലഭിക്കുന്നു.
- **വസ്തു പണയ വായ്പ**
  എല്ലാവിധ ആവശ്യങ്ങൾക്കും, സുതാര്യമായ വ്യവസ്ഥകൾ.
  ഏറ്റവും വേഗത്തിൽ വായ്പ ലഭ്യമാക്കുന്നു.
  കൃത്യമായ തിരിച്ചടവിന് പലിശ റിബേറ്റ്.
- **ഭവന വായ്പ**
  നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ
  **50 ലക്ഷം രൂപ വരെ** മിതമായ പലിശ നിരക്കിൽ.
  കുറഞ്ഞ EMI.
- **കാർഷിക വായ്പ**
  കാർഷിക വിള ഉല്പാദനത്തിനും പരിപാലനത്തിനും
  **25 ലക്ഷം രൂപ വരെ** മിതമായ പലിശ നിരക്കിൽ.
- **ബിസിനസ്സ് വായ്പ**
  **വേഗത്തിൽ വായ്പകൾ.** ലളിതമായ പ്രോസസിംഗ്.
  ക്യാഷ് ക്രഡിറ്റ് സൗകര്യം.
- **സോളാർ വായ്പ**
  സോളാർ പാനൽ സ്ഥാപിക്കുന്നതിനായി കുറഞ്ഞ EMI.
  ലളിതമായ വ്യവസ്ഥയിൽ.

ചെറുകിട കച്ചവടക്കാർക്കും,
കുടുംബശ്രീകൾക്കും,
സ്വയംതൊഴിൽ സംരംഭകർക്കും
**നൂതന വായ്പാ പദ്ധതികൾ**

**എല്ലാ നൂതന ബാങ്കിങ്ങ് സൗകര്യങ്ങളും**
**ATM, POS, RTGS, NEFT, MOBILE BANKING, SAFE DEPOSIT LOCKER FACILITIES**

Conditions apply*

EMVEE

**ടി.പി. ദാസൻ** (Chairman)

**പി. രാഗേഷ്** (CEO)

AUGUST - 2024
Date of Publishing: 20/08/2024
Price Rs.10.00

**CHINTHA PUSTHAKAVARTHA**
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




**Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM**